പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3727

30/01/2014 ൽ
മറുപടിക്ക്

## ഗ്രാമങ്ങളിൽ മിനി തീയേറ്ററും മൂവിംഗ് തീയേറ്ററും

ചോദ്യം

ശ്രീ. രാജു എബ്രഹാം

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) നല്ല സിനിമകളുടെ കൂടുതൽ ജന കീയമായ പ്രദർശനത്തിനായി ഗ്രാമ ങ്ങൾതോറും മിനി തീയേറ്ററുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സിനിമാ വകുപ്പുമന്ത്രി മുൻപ് പ്രഖ്യാപിച്ച പദ്ധതി നടപ്പാ ക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കാമോ ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിന് നൽകുന്ന പ്രദേശങ്ങളിൽ പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. ആവിഷ്കരി ച്ചിട്ടുണ്ട്. അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ താൽപര്യം പ്രകടിപ്പിക്കുകയും ബന്ധപ്പെട്ട പ്രപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരികയുമാണ് |
| (ബി) കേരള സംസ്ഥാന ചലച്ചിത്ര അക്കാ ദമിയുടെ സഹകരണത്തോടെ മൂവിംഗ് തീയേറ്റർ എന്ന ആശയം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരി ച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) മൂവിംഗ് തീയേറ്റർ നടപ്പിലാക്കുന്നതിന് 38 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത്തരം മൂവിംഗ് തിയേറ്ററുകൾക്ക് വേണ്ട സംവിധാനം ഒരുക്കുന്നതിനായി കൊച്ചിൻ ഷിപ്പിയാർഡ്, ബി.പി.വേൾഡ്, മെട്രോനൈറ്റ്, ഗെയിൽ എന്നീ സ്ഥാപനങ്ങളെ സ്പോൺസർഷിപ്പിനായി സമീപിച്ചുവെങ്കിലും സ്പോൺസർഷിപ്പ് ലഭിക്കാത്തതിനാൽ അക്കാദമി നേരിട്ട് ഈ പദ്ധതി നടപ്പിലാക്കുവാൻ 27/3/2013 ന് കൂടിയ അക്കാദമിയുടെ 43-ാമത് ജനറൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഈ രണ്ടു പദ്ധതികളും അടിയ ന്തിരമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരി ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (സി) പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ മിനി തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി സർക്കാർ പരിശോധിച്ചു വരികയുമാണ്. മൂവിംഗ് തീയേ റ്റർ നടപ്പിലാക്കുന്നതിനായി ചലച്ചിത്ര അക്കാദമി പ്രപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ നടപടി സ്വീകരിക്കാനാവൂ. |

സെക്ഷൻ ഓഫീസർ